Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

<u>സംഗ്രഹം</u>

ധനകാര്യവകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി- റീ കൺസിലിയേഷൻ M/s വർമ്മ & വർമ്മ, ചാർട്ടേട് അക്കൗണ്ടന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജി.ഒ (ആർ.ടി) നം.7992/2018/ധന തിരുവനന്തപുരം, തീയതി,26.09.2018

===================================================================

പരാമർശം:-

1. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 10.08.2018-ലെ അഭ്യർത്ഥന
2. ജി.ഒ (ആർ. ടി) നം.7809/18/ധന തീയതി 18.09.2018
3. M/s വർമ്മ & വർമ്മ, ചാർട്ടേട് അക്കൗണ്ട്സിന്റെ കത്ത് നം.എഫ്.ജി/278/18-19 തീയതി 04/09/2018

## <u>ഉത്തരവ്</u>

കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് വിപുലമായ തോതിൽ സംഭാവനകൾ ലഭ്യമായതിനെത്തുടർന്ന് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിലുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ അക്കൗണ്ട് നം.67319948232 മായി വിവിധ പേമെന്റ് ഗേറ്റ് വെ കളെ ബന്ധിപ്പിക്കുകയും കൂടാതെ പതിമൂന്ന് വിവിധ ബാങ്കുകളിൽ അക്കൗണ്ടും പേമെന്റ് ഗേറ്റ് വെയും ആരംഭിയ്ക്കുകയും, പേമെന്റ് ആപ്പ്, മൊബൈൽ വാലറ്റ് തുടങ്ങിയ നൂതന സംവിധാനങ്ങൾ വഴി സംഭാവന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. പ്രസ്തുത അക്കൗണ്ടുകളിലേക്ക് ക്യാഷ്, ചെക്ക്, ഡിഡി എന്നിവ മുഖേനയും, നേരിട്ടും, ഓൺലൈൻ വഴിയും സ്വരൂപിയ്ക്കപ്പെടുന്ന തുകയുടെ

ഇടപാടുകളിൽ സുതാര്യതയും കൃത്യതയും ഉറപ്പ് വരുത്തുന്നതിന് ടി അക്കൗണ്ടുകൾ റീ കൺസിലിയേഷൻ നടത്തേണ്ടത് അനിവാര്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ വൈദഗ്ധ്യമുള്ള ഇന്ത്യയിലെ പ്രഗൽഭമായ M/s വർമ്മ &വർമ്മ എന്ന ചാർട്ടേട് അക്കൗണ്ടന്റ് സ്ഥാപനവുമായി ചർച്ച നടത്തുകയും അവർ തങ്ങളുടെ ഉപസ്ഥാപനമായ പർപ്പെല്ല എന്ന സ്ഥാപനത്തെ ഈ ചുമതല ഏർപ്പെടുത്തുകയും ചെയ്തിരുന്നു. M/s വർമ്മ & വർമ്മ എന്ന സ്ഥാപനവുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, പ്രതിദിനം 2000/- രൂപ നിരക്കിൽ പരമാവധി 60000/- രൂപ മാസപ്രതിഫലം ഈടാക്കി റീ കൺസിലിയേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്ന് അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിക്കായി , കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ആരംഭിച്ച വിവിധ ബാങ്ക് അക്കൗണ്ടുകൾ,പേമെന്റ് ഗേറ്റ് വെ, പേമെന്റ് ആപ്പ്, മൊബൈൽ വാലറ്റ് എന്നിവ വഴി ഈ അക്കൗണ്ടുകളിൽ ലഭ്യമായ തുകയുടെ ഇടപാടുകൾ റീ കൺസിലിയേഷൻ നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ മേൽ സൂചിപ്പിച്ച വ്യവസ്ഥകൾക്കു വിധേയമായി M/s വർമ്മ & വർമ്മ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവുകൾ "2052-00-090-96-05-4 (NP-V)എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**പി.ജയലക്ഷ്മി**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

<u>പകർപ്പ്</u>

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം

4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ധനകാര്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
6. M/s വർമ്മ & വർമ്മ ചാർട്ടേട് അക്കൗണ്ടന്റ്സ്, ടി സി 9/2610-1,E-3,സഹസ്രം, എലങ്കം, ശാസ്തമംഗലം, തിരുവനന്തപുരം-695010
7. ധന (അക്കൗണ്ട്സ്-എ) വകുപ്പ്
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. റവന്യൂ (ഡി ആർ എഫ്) വകുപ്പ്
10. ദുരന്തനിവാരണ വകുപ്പ്
11. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫിസർ